## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.187** **04.10.2016-ൽ മറുപടിയ്ക്ക്**

## ഒളിമ്പിക്സ് മെഡൽ നേടുന്നതിന് താരങ്ങളെ പ്രാപ്തരാക്കുന്നതിന് പദ്ധതി

**ചോദ്യം**

**ശ്രീ.ഇ.കെ.വിജയൻ**
**ശ്രീ.സി.ദിവാകരൻ**
**ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ**
**ശ്രീ.എൽദോ എബ്രഹാം**

(എ) 2016 റിയോ ഒളിമ്പിക്സിൽ കേരളത്തിൽ നിന്നുള്ള താരങ്ങളുടെ നിരാശാജനകമായ പ്രകടനം വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) ഒളിമ്പിക്സ് മെഡൽ നേടുന്നതിന് താരങ്ങളെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) 2016 റിയോ ഒളിമ്പിക്സിൽ കേരളത്തിൽ നിന്നുള്ള താരങ്ങളുടെ നിരാശാജനകമായ പ്രകടനം സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിവരുന്നു.

(ബി) ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി നിലവിൽ അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളീബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (സ്പെഷ്യൽ ഇഫർട്ട് ട്രെയിനിംഗ് പ്രോഗ്രാം ഇൻ സ്വിമ്മിംഗ് (SETT), ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2020, 2024 വർഷങ്ങളിൽ നടക്കുന്ന ഒളിമ്പിക്സിൽ കേരളീയ താരങ്ങളെ മെഡൽ നേടുന്നതിന് പര്യാപ്തമാക്കുന്നത് ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിവരുന്നത്. കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്ത് എടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും, താമസവും, ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധസൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

| | | | |
|---|---|---|---|
| (സി) | സ്കൂൾ തലത്തിൽത്തന്നെ കായികപ്രതിഭകളെ കണ്ടെത്തി ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകി ഒളിമ്പിക്സിൽ മെച്ചപ്പെട്ട പ്രകടനം നടത്താൻ പാകത്തിൽ മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോയെന്ന് വിശദീകരിക്കുമോ ? | (സി) | സ്കൂൾ തലത്തിൽത്തന്നെ കായികപ്രതിഭകളെ കണ്ടെത്തി ആവശ്യമായ പരിശീലനവും, പ്രോത്സാഹനവും, നൽകി ഒളിമ്പിക്സിൽ മെച്ചപ്പെട്ട പ്രകടനം നടത്താൻ പാകത്തിൽ മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്. |

Mary M

സെക്ഷൻ ഓഫീസർ